

ഉയിർപ്പുകാലം
ആറാം ഞായർ

എമ്മാവൂസ്
വചനദൂത്

# സ്നേഹത്തിൽ ഒന്നായിരിക്കുക

(യോഹ. 17:1 – 26)

Vol. 11, Issue: 56

ബ്ര. ജോർജ് വെള്ളക്കിഴങ്ങിൽ MSJ

“പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.”

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ,

ഉയിർപ്പുകാലത്തിന്റെ ആറാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് വിചിന്തനത്തിനായി നമുക്ക് നൽകിയിരിക്കുന്നത് ക്രിസ്തുവിന്റെ പുരോഹിതപ്രാർത്ഥന എന്നറിയപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷത്തിലെ 17-ാം അദ്ധ്യായം ഒന്നു മുതലുള്ള ഭാഗങ്ങളാണ്.

“പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.” തന്നിൽ വിശ്വസിക്കുന്നവർ സ്നേഹത്തിന്റെ ഐക്യത്തിൽ ഒന്നാകുന്നതിനുവേണ്ടി പിതാവിന്റെ പക്കൽ ക്രിസ്തു നടത്തുന്ന അതിമനോഹരവും അനുകരണീയവുമായ ഒരു പ്രാർത്ഥന.

പഴയനിയമത്തിൽ ഇസ്രായേൽ ജനത്തെ വിട്ടുപിരിയുന്നതിനു മുമ്പ് മോശ അവരെ അടുത്ത് വിളിച്ച് ദൈവകൽപനകൾ പാലിക്കാൻ അവരെ ഓർമ്മപ്പെടുത്തുന്നതും അത് പാലിക്കേണ്ടതിന്റെ ആവശ്യകത വിശദമാക്കുകയും ചെയ്യുന്ന ഒരു രംഗം നിയമാവർത്തന പുസ്തകത്തിൽ നാം കാണുന്നുണ്ട്. ഇത്തരുണത്തിൽ താൻ ഏറ്റവുമധികം സ്നേഹിച്ചിരുന്ന ശിഷ്യർക്ക് ഈശോ നൽകുന്ന ഉപദേശങ്ങളാണ് യോഹന്നാൻ ശ്ലീഹാ 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ ഉപദേശങ്ങളും ഉത്തരവാദിത്വങ്ങളും തന്റെ ശിഷ്യരെ ഏൽപിക്കുന്ന ക്രിസ്തു മനോഹരമായ ഒരു പ്രാർത്ഥനയിലൂടെയാണ് ഇതിന് സമാപനം കുറിക്കുന്നത്. ഈ വിടവാങ്ങൽ പ്രാർത്ഥനയാണ് നാം ഇന്ന് വായിച്ചുകേട്ട ഈ വചനഭാഗം.

ഈ പ്രാർത്ഥനയ്ക്ക് മൂന്ന് ഭാഗങ്ങളാണുള്ളത്.

ഒന്നാം ഭാഗത്ത്, ക്രിസ്തു തനിക്കു വേണ്ടിത്തന്നെ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയുടെ രണ്ടാം ഭാഗത്ത് ഈശോ പ്രാർത്ഥിക്കുന്നത് തന്റെ ശിഷ്യർക്കു വേണ്ടിയാണ്.

തന്നിൽ വിശ്വസിക്കാനിരിക്കുന്ന ഭാവിശിഷ്യർക്കു വേണ്ടിയാണ് മൂന്നാം ഭാഗത്ത് ഈശോ പ്രാർത്ഥിക്കുന്നത്.

രണ്ടായിരം വർഷങ്ങൾക്കു മുന്നേ തന്നെ ക്രിസ്തു തന്റെ ശിഷ്യർക്കും അവനിലേയ്ക്ക് കടന്നുവരാനിരിക്കുന്ന നമുക്കു വേണ്ടിയും പിതാവിനോട് പ്രാർത്ഥിച്ചു. എന്നാൽ, നാം സമ്പന്നനോ കോടീശ്വരനോ ആകുന്നതിനുവേണ്ടിയല്ല. മറിച്ച്, അവനിൽ വിശ്വസിക്കുന്ന ഏവനും ഐക്യത്തിൽ ഒന്നായിരിക്കുന്നതിനു വേണ്ടി

യാണ് അവൻ പ്രാർത്ഥിച്ചത്. വിശ്വാസികളുടെ ഐക്യത്തിലൂടെ യേശുവിനെ അയച്ചത് പിതാവായ ദൈവമാണെന്ന് വെളിപ്പെടുകയും വിശ്വാസികൾ ക്രിസ്തുശിഷ്യരാണെന്ന് ലോകം അറിയുകയും ചെയ്യും. പരസ്പര സ്നേഹത്തിലുള്ള സഭയുടെ ഐക്യമായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന. അതുകൊണ്ടാണ് യോഹന്നാൻ ശ്ലീഹാ ക്രിസ്തുവിന്റെ വാക്കുകൾ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും."

ഇന്നത്തെ ആദ്യവായനയിൽ പ്രവാസികളായ ഇസ്രായേൽ മക്കൾ ജറൂസലേമിലേയ്ക്ക് തിരിച്ചുവരുമെന്നും തന്റെ പരിശുദ്ധരും എല്ലാ ജനതകളുടെയും മുമ്പിൽ ഉയർത്തിപ്പിടിച്ചിരിക്കുമെന്നും എല്ലാവരും ദൈവത്തിന്റെ രക്ഷ അനുഭവിക്കും എന്നുമുള്ള സൂചനയാണ് നമുക്ക് നൽകുന്നത്.

ആദിമസഭയുടെ സംഘർഷങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിച്ച അപ്പസ്തോലനാണ് പൗലോസ്. യഹൂദ ക്രിസ്ത്യാനികളും വിജാതീയ ക്രിസ്ത്യാനികളും തമ്മിലുണ്ടായിരുന്ന വേർതിരിവുകൾ ഇല്ലാതാക്കാൻ പരിശ്രമിച്ച ശ്ലീഹാ ഇന്നും നാം വായിച്ചുകേട്ട എഫേസോസുകാർക്കെഴുതിയ ലേഖനം 2-ാം അദ്ധ്യായം 14-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു: "അവൻ - ക്രിസ്തു നമ്മുടെ സമാധാനമാണ്. ഇരുകൂട്ടരെയും അവൻ ഒന്നിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു." പാപിയുടെമേലും നീതിമാന്റെമേലും ഒരുപോലെ കാരുണ്യം കാണിക്കുന്നവനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നും ഒരുമയുടെയും ഐക്യത്തിന്റെയും മാതൃകയായിരുന്നു. അതുകൊണ്ടു തന്നെയാവണം തന്നിൽ വിശ്വസിക്കുന്നവരുടെ 'ഐക്യം' അവന്റെ പ്രാർത്ഥനയുടെ വിഷയമായി മാറിയത്.

മലിനമെന്നും അശുദ്ധമെന്നുമുള്ള മുൻവിധികളാൽ ദർശനത്തിലൂടെ ദൈവം തനിക്കു നൽകിയ വൈജാത്യങ്ങളുടെ വലിയ പാത്രത്തെ അംഗീകരിക്കാൻ കഴിയാതെ പോകുന്ന പത്രോസ് ശ്ലീഹായെ (ഇന്ന് വായിച്ചുകേട്ട) അപ്പ. പ്രവർത്തനങ്ങളിൽ നാം കണ്ടുമുട്ടുന്നുണ്ട്. എന്നാൽ "ദൈവം വിശുദ്ധീകരിച്ചവയെ മലിനമെന്ന് നീ കണക്കാക്കരുത്" എന്ന കർത്താവിന്റെ വാക്കുകൾ ശ്ലീഹായെ സ്പർശിച്ചു. തുടർന്നുവരുന്ന വാക്യത്തിൽ പത്രോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്ക് കാണിച്ചുതന്നിരിക്കുന്നു."

സകല ജനതയുടെയും വിശുദ്ധീകരണവും രക്ഷയുമാണ് ദൈവം അഭിലഷിക്കുന്നത്. യഹൂദനെന്നോ വിജാതീയനെന്നോ വലിയവനെന്നോ താഴ്ന്നവനെന്നോ വേർതിരിവില്ലാതെ ത്രീയേകദൈവത്തിന്റെ കൂട്ടായ്മയിലേയ്ക്കാണ് ഈ വചനഭാഗങ്ങളെല്ലാം നമ്മെ ക്ഷണിക്കുന്നത്.

ലോകം മുഴുവൻ ക്രിസ്തുവിനെ മനസ്സിലാക്കി ദൈവവിശ്വാസത്തിലേയ്ക്ക്  കടന്നുവരത്തക്കവിധത്തിൽ ക്രിസ്തുവിന് ജീവിതം കൊണ്ട് സാക്ഷ്യം നൽകേണ്ടവരാണ് ക്രിസ്തുശിഷ്യർ. അപ്പസ്തോലന്മാരും ആദിമക്രൈസ്തവ സമൂഹവും ഈ ദൗത്യം ഭംഗിയായി ചെയ്തുതീർത്തു. ദൈവം തിരഞ്ഞെടുത്ത ഇസ്രായേലിൽ നിന്ന് തുടക്കം കുറിച്ച രക്ഷയുടെ ഈ ദൗത്യം/സന്ദേശം ലോകാതിർത്തികൾ വരെ എത്തിക്കുന്നതിനാണ് ക്രിസ്തു തന്റെ ശിഷ്യരെ തിരഞ്ഞെടുത്തത്. ഇപ്രകാരം ലോകാതിർത്തികൾവരെ രക്ഷ എത്തിക്കുന്നതിന് പരസ്പരസ്നേഹത്തിലൂടെ ഐക്യത്തിൽ ഒന്നായിത്തീരുക എന്നതായിരുന്നു ക്രിസ്തുശിഷ്യർ ചെയ്യേണ്ടിയിരുന്നത്. ക്രിസ്തു തന്റെ പ്രാർത്ഥനയിൽ ഊന്നൽ നൽകുന്നതും ഈ ഐക്യത്തിനു തന്നെയാണ്.

സ്നേഹമുള്ള സഹോദരങ്ങളേ, സ്നേഹത്തിൽ ഒന്നായിരിക്കുക എന്നതാണ് ഈശോയുടെ പുരോഹിത പ്രാർത്ഥനയിലെ സാരാംശങ്ങളിലൊന്ന്. ദൈവത്തോടും ചുറ്റുമുള്ള സഹോദരങ്ങളോടും ഐക്യത്തിൽ ജീവിക്കാൻ നമുക്ക് പരിശ്രമിക്കാം. ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെ അടിസ്ഥാനമായ ത്രീത്വൈകദൈവത്തിന്റെ കൂട്ടായ്മ മുതൽ പിതാവായ ദൈവത്തെ സ്തുതിച്ചുവാഴ്ത്തുന്ന ഇടമായ സ്വർഗ്ഗരാജ്യം വരെ കൂട്ടായ്മയുടെ സൗന്ദര്യത്തെ ഓർമ്മിപ്പിക്കുന്നുണ്ട്. ഞാനും നിങ്ങളുമെല്ലാം ത്രീയേകദൈവത്തിന്റെ ഈ കൂട്ടായ്മയിലേയ്ക്ക് വളരേണ്ടവരാണ്. നമ്മുടെ അനുദിന വിശുദ്ധ ബലികളും പ്രാർത്ഥനാവേളകളുമെല്ലാം ഇതിന് നമ്മെ സഹായിക്കുന്നവയാണ്. പക്ഷേ, ഈ പ്രാർത്ഥനാവേളകൾ ഒരു ആൾക്കൂട്ടത്തിന്റെയോ ജനാവലിയുടെയോ ആവിഷ്ക്കാരമായാൽ അവിടെ ദൈവസാന്നിദ്ധ്യമുണ്ടാകുകയില്ല.

അപരന്റെ ദുഃഖങ്ങളിൽ അവനെ ആശ്വസിപ്പിക്കുകയും അവന്റെ ആവശ്യങ്ങളിൽ അവനെ സഹായിക്കുകയും സഹോദരനോട് അവന്റെ തെറ്റുകൾ ക്ഷമിച്ച് അവനെ സ്നേഹിക്കുമ്പോഴും മാതാപിതാക്കളും മക്കളുമെല്ലാം പരസ്പരം സ്നേഹിച്ചും ക്ഷമിച്ചും വളർത്തിയും ഐക്യത്തിൽ മുന്നോട്ടു നീങ്ങുമ്പോഴും ക്രിസ്തു വിഭാവനം ചെയ്ത ഐക്യത്തിലേയ്ക്ക് സ്നേഹത്തിന്റെ കൂട്ടായ്മയിലേയ്ക്ക് നാം വളരുകയായിരിക്കും ചെയ്യുക.

"ഒരുമയോടീ ബലിയർപ്പിക്കാം" എന്നു പാടി ഈ ബലി നാം അർപ്പിക്കുമ്പോൾ മനസ്സ് നിറഞ്ഞ് പ്രാർത്ഥിക്കാം, കർത്താവേ, അങ്ങ് പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ അങ്ങയിൽ ഒന്നായിരിക്കാൻ ഞങ്ങളെയും അനുഗ്രഹിക്കേണമേ. ഉത്ഥിതനായ ക്രിസ്തു നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.